പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2746      18/08/2017 -ൽ മറുപടിയ്ക്ക്

# വിദ്യാഭ്യാസ കലണ്ടർ ഏകീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നില നിൽക്കുന്ന രണ്ടു തരത്തിലുള്ള വിദ്യാഭ്യാസ കലണ്ടർ സംവിധാനം മൂലം പഠനപ്രവർത്തനങ്ങൾക്ക് പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്ത മാക്കുമോ;എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കേരള വിദ്യാഭ്യാസ ചട്ടം അധ്യായം VII റൂൾ 5(4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസ കലണ്ടർ അനുസരിച്ചാണ് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കേണ്ടത്. എന്നാൽ റൂൾ5(3) പ്രകാരം കലണ്ടറിൽ മാറ്റം വരുത്തുവാനുള്ള അധികാരം ഡയറക്ടർക്കുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളും അധ്യാപകരും ഭൂരിഭാഗം മുസ്ലീം സമുദായത്തിൽപ്പെട്ടവർ ആയ സ്കൂളുകൾക്ക് റംസാൻ വ്രത നാളുകൾ അവധിയായി വരുന്ന തരത്തിൽ ക്രമീകരിച്ച് പ്രത്യേക കലണ്ടറിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നുണ്ട്. സ്കൂൾ പ്രവർത്തന കലണ്ടർ രണ്ടു തരത്തിലുള്ളതു മൂലം അക്കാദമിക പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവം ഇല്ലാതാകുന്നുണ്ട് എന്നത് വസ്തുതയാണ്. |
| (ബി) ആയത് പരിഹരിക്കുന്നതിനായി സർക്കാർ -എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ കലണ്ടർ ഏകീകരണം സധ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) എല്ലാ സ്കൂളുകളും ജനറൽ കലണ്ടറിൽ പ്രവർത്തിക്കുക എന്നതുതന്നെയാണ് അഭികാമ്യം. ഇതിനായി ബഹു: ബാലാവകാശ സംരക്ഷണ കമ്മീഷൻ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മുസ്ലീം കലണ്ടറിൽ |

പ്രവർത്തിച്ചുവന്ന ഏറെ സ്കൂളുകൾ ഇപ്പോൾ ജനറൽ കലണ്ടറിലേയ്ക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്. പ്രാദേശികമായ എതിരഭിപ്രായം ഉണ്ടാകാത്ത സ്കൂളുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച് കലണ്ടർ മാറ്റത്തിനുള്ള ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ